പേരാമ്പ്ര സി.കെ.ജി.എം. ഗവൺമെന്റ് കോളേജിന്റെ സമഗ്ര വികസനത്തിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. അക്കാദമിക് ബ്ലോക്ക്, സ്റ്റാഫ് കോർട്ടേഴ്സ്, മെൻസ് ഹോസ്റ്റൽ, ഓഡിറ്റോറിയം, കോൺഫറൻസ് ഹാൾ, ഓപ്പൺ എയർ സ്റ്റേറേജ്, സ്പോർട്സ് കോംപ്ലക്സ്, ഇൻഡോർ സ്റ്റേഡിയം, റോഡ്, മെയിൻ ഗേറ്റ് എന്നിവയാണ് മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ അക്കാഡമിക് ബ്ലോക്കിന്റെയും ലൈബ്രറിയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

(ബി) നിലവിൽ ഈ കോളേജിൽ ഏതൊക്കെ കോഴ്സുകളാണ് ഉള്ളതെന്നും പുതിയ കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കാമോ;

&

(സി) ഏതൊക്കെ പുതിയ കോഴ്സുകളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ബി&സി) ബി.എസ്.സി. ഫിസിക്സ്, ബി.എ. ഇംഗ്ലീഷ്, എം.കോം ഫിനാൻസ്, എം.എസ്.സി മാത്സ് എന്നീ കോഴ്സുകൾ നിലവിലുണ്ട്. G.O.(Ms) No.150/2021/HEdn തീയതി 25-2-2021 ഉത്തരവുപ്രകാരം BSc Applied Statistics with Data Science കോഴ്സ് അനുവദിച്ചിട്ടുണ്ട്.

ഉദുമ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിലെ കോഴ്സുകൾ

111(2831) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിൽ നിലവിൽ എത്ര കോഴ്സുകളാണുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

നിലവിൽ ബി.എ. ഹിസ്റ്ററി, ബി.എ. ഇംഗ്ലീഷ്, ബി.കോം. കോ-ഓപ്പറേഷൻ എന്നീ ബിരുദ കോഴ്സുകളും എം.എ. സോഷ്യൽ സയൻസ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ഹിസ്റ്ററി എന്ന ബിരുദാനന്തര കോഴ്സുമുണ്ട്.

(ബി) പ്രസ്തുത സ്ഥാപനത്തിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

2021-22 അദ്ധ്യയന വർഷം പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

നാദാപുരം സർക്കാർ കോളേജിന്റെ വാടക കുടിശ്ശിക

112(2832) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിൽ വാടക കുടിശ്ശിക നൽകാനുണ്ടോയെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly